കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒഴൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.10/2780/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി: 04-02-2019

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒഴൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഒഴൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്.

എൽ.2/19

നം. കെ.എസ്.എ.എം.പി.എം.10/2780-2018 തിയ്യതി: 04-02-2019

# മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4 , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27.09.2017 മുതൽ 09.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :10.12.2018 മുതൽ 20.12.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ്. പി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ.ദിനേശൻ .എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സെൽമത്ത്. ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ. ടി.ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. പ്രജിത. കെ.വി | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. മോഹനൻ പൂഴിക്കൽ | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പ്രേമരാജൻ ഒ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. മഹേഷ് ഒ | 01.04.2017 മുതൽ 24.10.2017വരെ |
| | ശ്രീമതി. മഞ്ജു ജി | 25.10.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രാജേഷ് പി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി .ഹണി ഗംഗാധരൻ | 01.04.2017 മുതൽ 27.10.2017 വരെ |
| | ശ്രീ.ജേക്കബ് ജോർജ്ജ് | 28.10.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. അബ്ദുൾ ഫിറോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ, താനൂർ ബ്ലോക്ക് പഞ്ചായത്ത് | ശ്രീ.മഹേഷ് .പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ജമീല. കെ.എം | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.വിശ്വനാഥൻ. എം | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ജാനിഫ് .കെ.എം (പി.എച്ച്.സി) | 01.04.2017 മുതൽ 31.03.2018വരെ |
| | ഡോ.രഹന .പി (ആയുർവേദം) | 01.04.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | നികുതി നിർണ്ണയത്തിലെ അപാകത | 2-1 |
| 14 | ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പിരിവിലെ അപാകതകൾ | 2-2 |
| 15 | പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ സമയക്രമം പാലിച്ച് പുതുക്കിയിട്ടില്ല | 2-3 |
| 16 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 2-4 |
| 17 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 2-5 |
| ഭാഗം III<br>ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 18 | എച്ച് എം.സി വരവ് ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 3-1 |
| 19 | ജലസേചന പമ്പ് സെറ്റ് വിതരണം അപാകതകൾ | 3-2 |
| 20 | പരിരക്ഷാപദ്ധതിക്ക് മരുന്ന് വാങ്ങൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-3 |
| 21 | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൾ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-4 |
| 22 | ശമ്പള പരിഷ്കരണം – സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടിശ്ശിക പണമായി നൽകി – പെൻഷൻ അംശദാനം അടവാക്കിയില്ല | 3-5 |
| 23 | കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ് തനത് ഫണ്ടിൽ നിന്ന് അടവാക്കുന്നു | 3-6 |
| 24 | നിക്ഷേപതുകകൾ സമയ പരിധി കഴിഞ്ഞവ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ് | 3-7 |
| 25 | പൂർത്തീകരണ, ധന വിനിയോഗ സാക്ഷ്യപത്രങ്ങൾ | 3-8 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല | |
| 26 | ബയോഗ്യാസ് പ്ലാന്റ്സ്ഥാപിക്കൽ – പ്ലാന്റ് നാളിതുവരെയുംഉപയോഗിച്ച് തുടങ്ങിയില്ല | 3-9 |
| 27 | കതിർകുളങ്ങര-എരനെല്ലൂർ റോഡ് കോൺക്രീറ്റിംങ് ഓവർഹെഡ് ചാർജ്ജ് കൂട്ടി നല്കിയതുമൂലം 29,717 രൂപ അധികചെലവ് | 3-10 |
| 28 | ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ പ്രതിഫലം നല്കിയത് അംഗീകരിക്കുന്നില്ല | 3-11 |
| 29 | സേവന നികുതി ചെലാൻ ഹാജരാക്കാത്ത കരാറുകാർക്ക് സേവന നികുതി തുകകൾ തിരിച്ച നല്കി | 3-12 |
| 30 | ഓണക്കാട്-OLHS കോളനി റോഡ് പുനരുദ്ധാരണം പ്ലാസ്റ്ററിംങ് പ്രവൃത്തിക്ക് ഗുണനിലവാരമില്ല | 3-13 |
| 31 | സിങ്കിൾ സെക്ഷൻ വർക്കുകൾക്ക് ടസ്റ്റ് വർക്കിന്റെ നിരക്കനുവദിച്ച | 3-14 |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ . വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2017-18ലെ ബജറ്റ് പാസാക്കിയ തീരുമാനനമ്പർ, | പതുക്കിയ ബജറ്റ് തീരുമാനനമ്പർ, |
|---|---|

| തിയതി | തിയതി |
|---|---|
| PR No. I(1) dated 30.03.2017 | PR No. II dated 06.03.2018 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച ലഭിച്ച തിയതി |
|---|---|---|---|---|
| 2017-18 | 31.07.2018 | 15.05.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | വാർഷിക ധനകാര്യപത്രിക പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2017-18 | 20.06.2018 മുതൽ 21.06.2018 വരെ | കെ.എസ്.എ എം.പി.എം10/1224/2018 തിയതി 01.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 3,16,11,082 |
| വരവ് | 10,65,00,383 |
| ആകെ | 13,81,11,465 |
| ചെലവ് | 9,28,19,417 |
| നീക്കിയിരിപ്പ് | 4,52,92,048 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ തുക | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | | 1,46,37,820 | 1,46,37,820 | 1,31,48,675 | 14,89,145 |
| വികസനഫണ്ട് എസ്.സി.പി | | | 2483483 | 2483483 | 2327722 | 155761 |
| സംരക്ഷണഗ്രാന്റ് റോഡ് | | | 6833878 | 6833878 | 6833878 | -- |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | | 3497629 | 3497629 | 3497629 | -- |
| സെന്റ്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | 6953026 | 6953026 | 6953026 | -- |
| കെ.എൽ.എസ്.ജി.ഡി.പി | | | 4122143 | 4122143 | 2798378 | 1323765 |
| സാക്ഷരത | | 53714 | 2002 | 55716 | -- | 55716 |
| എം.ജി.എൻ. ആർ.ജി.എസ് | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 8715524 | 8715524 | 8715524 | -- |

| | | | | | | |
|---|---|---|---|---|---|---|
| | ഭരണചെലവുകൾ | 1747 | 1017125 | 1018872 | 959860 | 59012 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ (ഇനം തിരിച്ച്) | MBS | 2352 | -- | 2352 | 2352 | -- |
| | TSC | 10561 | 126592 | 137153 | 9780 | 127373 |
| | SSA | 147711 | 5502 | 153213 | -- | 153213 |
| | OAP | 79884 | -- | 79884 | 79884 | -- |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക് പഞ്ചായത്ത്) | | -- | 1501000 | 1501000 | 380979 | 1120021* |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | | | 300000 | 300000 | 78000 | 222000 |
| ബി ഫണ്ട് | | | 42691860 | 42691860 | 42691860 | -- |
| തനത് ഫണ്ട് | കനറാ ബാങ്ക്(ഇ-പേമെന്റ്) | 17525 | 40633 | 58158 | -- | 58158 |
| | കെ.ജി.ബി | 1744729 | 11814028 | 13558757 | 10699902 | 2858855 |
| തനത് ഫണ്ട് (ട്രഷറി അക്കൗണ്ട്) | | 24619141 | 11863127 | 36482268 | 12432888 | 24049380** |
| ജലനിധി | | 4869043 | 44240774 | 49109817 | 6344926 | 42764891 |
| കുടുംബശ്രീ | | 3141 | 118 | 3259 | -- | 3259 |

താഴെ കാണിച്ച പ്രകാരമുള്ള തുക ട്രഷറിയിൽനിന്നും ഗവൺമെന്റ് ഫണ്ടിലേക്ക് തിരികെ പിടിച്ചതാണ്

| | | |
|---|---|---|
| റിഡംപ്ഷൻ തുക | ജോയിന്റ് വെഞ്ചർ | 1207819* |
| | ട്രഷറി തനത് ഫണ്ട് | 25002185** |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ % |
|---|---|---|---|---|---|---|
| 175 | 67635073 | 97 | 44152204 | 33 | 45 | 55.43 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1,747 | 10,17,125 | 10,18,872 | 9,59,860 | 59,012 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | -- | 87,15,524 | 87,15,524 | 87,15,524 | -- |

## 1-8 സാമൂഹ്യക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 14,160 | 26 |
| കർഷകതൊഴിലാളിപെൻഷൻ | 18,31,900 | 641 |
| വിധവാപെൻഷൻ | 1,53,39,200 | 5167 |
| വാർദ്ധക്യകാലപെൻഷൻ | 1,99,32,000 | 1733 |
| വികലാംഗപെൻഷൻ | 42,79,000 | 390 |
| വിവാഹധനസഹായം | 8,70,000 | 29 |
| 50 വയസിന് മുകളിലുള്ള അവിവാഹിതപെൻഷൻ | 3,86,600 | 32 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2018 ന് (10.30 am) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,524/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ഡേ ബുക്ക് പ്രകാരം ബോധ്യപ്പെട്ടു. എന്നാൽ 07-12-2018ലെ ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 85,009/-രൂപയാണ്. എന്നാൽ കോൺട്ര ചെയ്യാത്തത് മൂലമാണ് 56485/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നത് എന്ന് വിശദീകരിക്കപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ TR7A കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല
2. അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് തീയതി ക്രമത്തിൽ അല്ല എഴുതി സൂക്ഷിക്കുന്നത്
3. മെഡിക്കൽ ഓഫീസർ (അലോപ്പതി) സബ്സിഡിയറി രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഫണ്ട് രേഖപ്പെടുത്തുന്നതിന് പുറമെ മറ്റൊരു കാഷ്ബുക്ക് കൂടി സൂക്ഷിക്കുന്നുണ്ട്. ഇത് ക്രമപ്രകാരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2018 | 2018 ഒക്ടോബർ | 21.11.2018 |
| എ.ജി ഓഡിറ്റ് | 28.07.2010 | 2004-05 മുതൽ 2009-10 വരെ | 24.09.2010 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. 2016-17 വർഷത്തെ എ.എഫ്.എസിലെ അപാകതകൾ പരിഹരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.
2. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംങ് രീതിയിലേക്ക് മാറുന്നതിന് മുൻപുള്ള എല്ലാ ആസ്ഥിബാധ്യതകളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.
3.വാർഷിക കണക്കുകളോടൊപ്പം പ്രധാനപ്പെട്ട അക്കൗണ്ടിംങ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

4.വസ്തുനികുതിയിനത്തിൽ മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം 22,73,617 രൂപ കുടിശ്ശികയുണ്ട്. 14,18,245 രൂപ മാത്രമാണ് receipt & payment പത്രികയിലെ RP-43 പ്രകാരം തൻവർഷം പിരിച്ചെടുത്തിട്ടുള്ളത്. 8,55,372 രൂപ പിരിച്ചെടുക്കാനവശേഷിക്കുന്നു. എന്നാൽ എ.എഫ്.എസ് പ്രകാരം കുടിശ്ശികയില്ല. കാരണം വിശദമാക്കിയിട്ടില്ല.

5.വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ തുകകൾ എ.എഫ്.എസിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6. മുൻ വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളിലെ തുകകൾ തൻവർഷത്തെ ലഡ്ജർ/ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| കോഡ് നമ്പർ | ഇനം | മുൻ എ.എഫ്.എസ് പ്രകാരം തുക | തൻവർഷ ട്രയൽ ബാലൻസ് മുന്നിരിപ്പ് തുക |
|---|---|---|---|
| 310900101 | Excess of income over expenditure | 1,54,75,188 | 1,54,22,740 |
| 460100101 | Festival advance GPF | 4,800 | 13,800 |
| 350200101 | KPEP fund | 7,310 | 12,000 |
| 350200102 | EP Fund | 10,076 | 53,738 |
| 350200116 | Dues to Panchayat | (-)1,022 | 6,074 |
| 350200115 | | 6,000 | 12,000 |

7.Income & expenditure statement പ്രകാരമുള്ള വരുമാനതുകയിൽനിന്നും പ്രയർ പിരിയഡ് ഇനങ്ങൾ ക്രമീകരിച്ചതിനുശേഷമുള്ള വരവ് തുക മുൻ വർഷത്തെ മിച്ചഫണ്ടിനോട് കൂട്ടികിട്ടുന്ന തുകയാണ് excess of income over expenditure ആയി ഷെഡ്യൂൾ ബി-I ൽ ചേർക്കേണ്ടത്. എന്നാൽ ചേർത്ത തുക പൊരുത്തപ്പെടുന്നില്ല.

8. ബാലൻസ് ഷീറ്റ് പ്രകാരം 26,48,413 രൂപ ഇൻവെസ്റ്റ്മെന്റായുണ്ട്. എന്നാൽ investment register പരിപാലിച്ചിട്ടില്ല.

9.ബാലൻസ്ഷീറ്റ് ബി-14 ഷെഡ്യൂൾ പ്രകാരം store-closing stock ആയി 74,347 രൂപയുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

10.വി.ഇ.ഒ, വെറ്ററിനറി സർജൻ എന്നിവർ TR-7Aക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

11. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഓണം മുൻകൂർ ഇനത്തിൽ 28,800 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ബി-18 പ്രകാരം ആയത് 31,800 രൂപയാണ്.

12. ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 31.03.18ന് ലഭിച്ച 80,807 രൂപയുടെ അലോട്ട്മെന്റ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 നികുതി നിർണ്ണയത്തിലെ അപാകത

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4)) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽതന്നെയൊ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ

ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ തറ വിസ്തീർണ്ണമുള്ളവ :40 രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 60 രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ തിരിച്ച ഷോപ്പ് റൂമുകളടങ്ങിയ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ചിരിക്കുന്നതും മേൽ നിരക്കുകൾ പ്രകാരമാണ്. എന്നാൽ പഞ്ചായത്തിലെ വാർഡ് നമ്പർ 13 ൽ ശ്രീമതി. കുഞ്ഞീമ ചോലക്ക പുളിക്കപറമ്പിൽ എന്നവരുടെ പേരിൽ അനുവദിച്ച 308 A മുതൽ 308 O വരെ കെട്ടിട നമ്പറുകളുള്ള ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി നിരക്ക് 60/-രൂപ പരിഗണിക്കേണ്ടതിനു പകരം 40/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. ( 308 A മുതൽ 308 J വരെയുള്ള കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചപ്പോൾ 60/-രൂപ നിരക്കിൽ തന്നെയാണ് പരിഗണിച്ചിട്ടുള്ളത്). മേൽ നടപടി പ്രകാരം നികുതി നിർണ്ണയിച്ചതിൽ പഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

അടിസ്ഥാന വസ്തു നികുതി നിരക്ക് 40/-രൂപ പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം(m2) | അടിസ്ഥാന നികുതി @ 40/-രൂപ | വർദ്ധനവ് 20% (വഴിസൗകര്യം) | ഇളവ് 0% | നിർണ്ണയിച്ച നികുതി | ഗ്രന്ഥശാല വരി | ആകെ |
|---|---|---|---|---|---|---|---|
| 308 K | 25.06 ച.മീ | 1002.4 | 200.48 | | 1203 | 61 | 1264 |
| 308 L | 25.06 ച.മീ | 1002.4 | 200.48 | | 1203 | 61 | 1264 |
| 308 M | 25.06 ച.മീ | 1002.4 | 200.48 | | 1203 | 61 | 1264 |
| 308 N | 25.06 ച.മീ | 1002.4 | 200.48 | | 1203 | 61 | 1264 |
| 308 O | 25.03 ച.മീ | 1001.2 | 200.24 | | 1202 | 61 | 1263 |
| | | | | ആകെ | 6014 | 305 | 6319 |

<u>ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് 60/-രൂപ പ്രകാരം നിർണ്ണയിക്കേണ്ട നികുതി വിവരം.</u>

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം(m2) | അടിസ്ഥാന നികുതി @ 60/-രൂപ | വർദ്ധനവ് 20% (വഴിസൗകര്യം) | ഇളവ് 0% | നിർണ്ണയിച്ച നികുതി | ഗ്രന്ഥശാല വരി | ആകെ |
|---|---|---|---|---|---|---|---|
| 308 K | 25.06 ച.മീ | 1503.6 | 300.72 | | 1804 | 91 | 1895 |
| 308 L | 25.06 ച.മീ | 1503.6 | 300.72 | | 1804 | 91 | 1895 |
| 308 M | 25.06 ച.മീ | 1503.6 | 300.72 | | 1804 | 91 | 1895 |
| 308 N | 25.06 ച.മീ | 1503.6 | 300.72 | | 1804 | 91 | 1895 |
| 308 O | 25.03 ച.മീ | 1501.8 | 300.36 | | 1803 | 91 | 1894 |
| | | | | ആകെ | 9019 | 455 | 9474 |

അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയിക്കേണ്ടതും കുറവു വന്ന കുടിശ്ശിക തുക ഈടാക്കേണ്ടതുമാണ്. തനത് ഫണ്ട് ഡിമാന്റ് ചെയ്യുന്നതിലും പിരിച്ചെടുക്കുന്നതിലും നികുതിചോർച്ച തടയുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഫലപ്രദമായ മേൽനോട്ടമുണ്ടാവേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/20.12.2018) കുറവ് വന്ന തുകയായ 3155 രൂപ (9474-6319) ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റിനെ അറിയിച്ചു.

## 2-2 <u>ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പിരിവിലെ അപാകതകൾ</u>

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം

മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്.

എന്നാൽ 2017-18 വർഷത്തിൽ 161 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ആയതിൽ 14 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിച്ചിട്ടുള്ളത്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/19.12.2018) ലൈസൻസ് പുതുക്കുന്നതിനുള്ള സമയക്രമം പാലിക്കുമെന്ന് മറുപടിയായി അറിയിച്ചു

2. പുതിയ അപേക്ഷകർ സപ്ലിമെന്ററി ആയി വാർഡ് അടിസ്ഥാനത്തിൽ ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പുതിയ അപേക്ഷകളും പുതുക്കാനുള്ളവയും തമ്മിൽ തിരിച്ചറിയാൻ സാധിക്കുന്നില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/19.12.2018) അപാകത പരിഹരിക്കുമെന്ന് മറുപടിയായി അറിയിച്ചു

3. ഡി ആന്റ് ഒ ട്രേഡേഴ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/19.12.2018) ട്രേഡേഴ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുമെന്ന് മറുപടിയായി അറിയിച്ചു
അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ - സമയക്രമം പാലിച്ച് പുതുക്കിയിട്ടില്ല.

2016-17 വർഷത്തിൽ 8 എണ്ണത്തിനു ലൈസൻസ് നൽകിയിട്ടുണ്ട്, 2016-17 വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ 81 രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ 2017-18 ൽ രണ്ട് എണ്ണത്തിനു മാത്രമാണ് രജിസ്റ്റർ പ്രകാരം ലൈസൻസ് നൽകിയിട്ടുള്ളത്. 2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ 20 രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ.

ബാലൻസ് ഷീറ്റിൽ കുടിശ്ശികയായി യാതൊന്നും അവശേഷിക്കുന്നില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/19.12.2018) അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് മറുപടിയായി അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

## 2-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. 2017-18 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്ററിലെ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 21 | ന്യൂ മലബാർ ഇൻഡസ്ട്രീസ് | 3 |

| | | | |
|---|---|---|---|
| | | (സ്റ്റീൽ ഫർണിച്ചർ) | |
| 2 | 22 | അഭിനവ് വുഡ്സ് | 3 |
| 3 | 23 | അറേബ്യൻ സോഫ | 4 |
| 4 | 30 | മാവേലി സ്റ്റോർ | 3<br>(ഒരാളുടേത് മാത്രമാണ് ഈടാക്കിയിട്ടുള്ളത്) |
| 5 | 36 | ഐ കോർ ഫുഡ് പ്രോഡക്ട്സ് | 3 |
| 6 | 39 | ഗ്രാന്റ് ഇൻഡസ്ട്രീസ് | 3 |
| 7 | 85 | പ്രിയം ന്യൂട്രീമിക്സ് | 5 |
| 8 | 99 | അൽ അമീൻ ഫുഡ്സ് | 3 |
| 9 | 103 | നീതി സ്റ്റോർ<br>(ഒഴൂർ സർവീസ് സഹകരണ ബാങ്ക് സംരഭം) | 2 |
| 10 | 124 | സഫ ഹോട്ടൽ | 3 |
| 11 | 130 | Lyka Interia | 8 |
| 12 | 154 | ഹർഷ ഗാർമെന്റ്സ് & ടൈലറിംഗ് | 5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/19.12.2018) തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടിയായി അറിയിച്ചു. 1996 ലെ കേരള പഞ്ചായത്ത്‌രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2017-18 സാമ്പത്തിക വർഷത്തിലെ ഇരു അർദ്ധവർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്ര.ന | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബി.എസ്.എൻ.എൽ കരിങ്കപ്പാറ |
| 2 | തിരൂർ ഫാർമേഴ്സ് സൊസൈറ്റി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/19.12.2018) സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടിയായി അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം (ജൂലൈ 31) വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കണമെന്നിരിക്കെ ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ വരുന്ന പ്രാഥമികാരോഗ്യ കേന്ദ്രം HMC കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

2014-15, 2015-16, 2016-17, 2017-18 വർഷങ്ങളിലെ എച്ച്.എം.സി കണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തിരമായി ഒഴൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ജലസേചന പമ്പ് സെറ്റ് വിതരണം - അപാകതകൾ

പ്രൊജക്ട് നമ്പർ: 53/18

ഒഴൂർ ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രൊജക്റ്റിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | അടങ്കൽ | തുക | ക്രമ നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|---|---|---|
| 1 | പ്ലാൻഫണ്ട് | 2,50,000 | 1 | 11/17.2.18 | 78,185 |
| 2 | ഗുണ.വിഹിതം | 2,50,000 | 2 | 13/09.03.18 | 76,380 |
| | | | 3 | 15/15.03.18 | 56,803 |
| | | | 4 | 16/15.03.18 | 24,998 |
| | | | 5 | 17/22.03.18 | 7,515 |
| | ആകെ | 5,00,000 | | ആകെ | 2,43,881 |

അപാകതകൾ

1. ക്രമനമ്പർ രണ്ട് പ്രകാരം അനുവദിച്ച തുകയിൽ ശ്രീമതി നഫീസ, ഉരോത്തിയിൽ, ഓമച്ചപ്പുഴ, ഒഴൂർ എന്ന ഗുണഭോക്താവിന് 10,727/- രൂപയും ശ്രീ. മുഹമ്മദ് തറമ്മൽ, ഓമച്ചപ്പുഴ എന്ന ഗുണഭോക്താവിന് 10,500/- രൂപയും സബ്സിഡിയിനത്തിൽ നല്കിയതായി കാണുന്നു.ജി.ഒ(എം.എസ്)80/2017/തസ്വഭവ തിയതി 03.04.17 ഉത്തരവ് പ്രകാരം പതിമൂന്നാം പദ്ധതിയിലെ ആദ്യവർഷ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1(13) ൽ എല്ലാ വിഭാഗങ്ങൾക്കും ബിൽ തുകയുടെ 50% തുകയോ പരമാവധി 10,000/- രൂപയോ ആണ് സബ്സിഡി നല്കാവുന്നത്.

2. മേൽ ബിൽ പ്രകാരം അനുവദിച്ച തുകയിൽ ശ്രീ. ബഷീർ, S/o. കുട്ടിരായു, മങ്ങാട്ടഞ്ചേരി എന്ന ഗുണഭോക്താവ് കുറ്റിപ്പുറം എൻ.സി ട്രേഡ് ലിങ്ക് എന്ന സ്ഥാപനത്തിന്റെ 20,612/- രൂപയുടെ 1605/11.07.16നമ്പറിലുള്ള ഇൻവോയ്സ് ആണ് ഹാജരാക്കിയിട്ടുള്ളത്. ടിയാൾക്ക് 9,815/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. 14.08.2017 ലെ ഭരണസമിതി തീരുമാനം (1) ആയാണ് ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുള്ളത്. ഭരണസമിതിയുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിന് മുൻപ് പമ്പ്സെറ്റ് വാങ്ങിയ ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കപ്പെടേണ്ടതാണ്.

3. ഭൂരിഭാഗം അപേക്ഷകളിലും കൃഷി ആവശ്യവും സാദ്ധ്യതയും സംബന്ധിച്ച റിപ്പോർട്ട് കൃഷി ഓഫീസർ തയ്യാറാക്കുന്നില്ല. കൂടാതെ വാർഡ് മെമ്പറുടെ ശുപാർശയും കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ്

എൻക്വയറിക്കുള്ള (02/13.12.2018) മറുപടിയിൽ അധികം നല്കിയ സബ്സിഡി തുകയും 2016ലെ ഇൻവോയ്സ് പ്രകാരം നല്കിയ സബ്സിഡിയും തിരിച്ചടക്കാമെന്നറിയിച്ചിട്ടുണ്ട്. ടി തുകകൾ അടവാക്കുന്നതുവരെ 11,042/- (727 + 500 + 9,815) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-3 പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പാക്കിയ പരിരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് (പ്രോജക്ട് നമ്പർ 21/18, അടങ്കൽ 7,00,000) മരുന്ന് വാങ്ങുന്നതിന് പൊതു വിഭാഗം (സാധാ) വിഹിതം ഫണ്ടുപയോഗിച്ച് താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.

തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

₹ 2,65,984

1. ₹1,92,725 ബിൽ നമ്പർ 02/2017-18 തിയതി 31.10.2017

2. ₹15,030 ബിൽ നമ്പർ 13/2017-18 തിയതി 19.03.2018

3. ₹58,229 ബിൽ നമ്പർ 17/2017-18 തിയതി 19.03.2018

എന്നാൽ നാളിതു വരെ 8 ഗഡുകളായി 1,14,941 രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര.ന | ഇൻവോയിസ് നമ്പർ / തിയതി | തുക |
|---|---|---|
| 1 | 807 തിയതി : 16.04.2018 | 14242 |
| 2 | 5281 തിയതി : 25.07.2018 | 20186 |
| 3 | 5734 തിയതി : 31.07.2018 | 18853 |
| 4 | 8943 തിയതി : 26.09.2018 | 18750 |
| 5 | 986 തിയതി : 26.09.2018 | 5756 |
| 6 | 11142 തിയതി : 25.10.2018 | 8081 |
| 7 | 11140 തിയതി : 25.10.2018 | 28626 |
| 8 | 1481 തിയതി : 13.11.2018 | 447 |
| | ആകെ | 114941 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നത് വരെ 1,51,043 രൂപ (2,65,984 – 1,14,941) തടസ്സത്തിൽ വെക്കുന്നു.

## 3-4 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭ്യമായില്ല

പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.

തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് / നമ്പർ | അടങ്കൽ തുക | ഫണ്ട് | ചെലവഴിച്ച തുക<br>ബിൽ നമ്പർ / തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ<br>(SOO37/18) | 300,000 | മെയിന്റനൻസ് ഗ്രാന്റ്<br>(നോൺ റോഡ്) | ₹ 2,87,523<br>1. ₹158417 ബിൽ നമ്പർ 04/2017-18 തിയതി 31.10.2017<br>2. ₹129106 ബിൽ നമ്പർ 16/2017-18 തിയതി 19.03.2018 |

എന്നാൽ നാളിതു വരെ 8 ഗഡുകളായി 2,47,864 രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രം.ന | ഇൻവോയിസ് നമ്പർ / തിയതി | തുക |
|---|---|---|
| 1 | 809 തിയതി : 16.04.2018 | 35783 |
| 2 | 1787 തിയതി : 18.05.2018 | 57253 |
| 3 | 2720 തിയതി : 06.06.2018 | 13746 |
| 4 | 5278 തിയതി : 25.07.2018 | 71566 |
| 5 | 6007 തിയതി : 04.08.2018 | 54764 |
| 6 | 983 തിയതി : 26.09.2018 | 1784 |
| 7 | 8337 തിയതി : 26.09.2018 | 1921 |
| 8 | 1479 തിയതി : 13.11.2018 | 11047 |
| | ആകെ | 247864 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 39659 (2,87,523 –2,47,864) തടസ്സത്തിൽ വെക്കുന്നു.

## 3-5 ശമ്പള പരിഷ്കരണം - പെൻഷൻ അംശദാനം അടവാക്കിയില്ല.

GO(P)No.7/16/Fin, തീയതി: 20-1-16ന്റെ അടിസ്ഥാനത്തിൽ 1-7-14 മുതൽ ഉള്ള ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക ഇനത്തിലുള്ള തുകകളുടെ ഒന്നും രണ്ടും ഗഡുക്കൾ ഒഴൂർ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ചുവടെ കൊടുത്തിരിക്കും പ്രകാരം പണമായി അനുവദിച്ചിട്ടുണ്ട്.

| ജീവനക്കാർ/തസ്തിക | ഒന്നാം ഗഡു | വൗച്ചർ നമ്പർ/തീയതി,ചെക്ക് നമ്പർ/തീയതി | രണ്ടാം ഗഡു | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|---|
| മിഥുൻ കൈലാസ്, അസി. സെക്രട്ടറി | 11,359 | 21700026/7-4-17, 1135/7-4-17 | 9,263 | 21700407/5-10-17, 1742/5-10-17 |
| ശ്രീകുമാർ എസ് (ഹെഡ് ക്ലാർക്ക്) | 22,535 | | 18,378 | |
| ബാബുരാജ് കെ.പി (അക്കൗണ്ടന്റ്) | 20,614 | | 16,811 | |
| സുരേഷ് പി (സീനി. ക്ലാർക്ക്) | 12,023 | | 9,806 | |

| | | | | |
|---|---|---|---|---|
| പരമേശ്വരൻ എസ്.പി (സീനി.ക്ലാർക്ക്) | 13,441 | | 10,961 | |
| മുത്തുക്കോയ തങ്ങൾ (ക്ലാർക്ക്) | 14,852 | | 12,113 | |
| ശ്രീജിത്. കെ (ക്ലാർക്ക്) | 15,354 | | 12,522 | |
| അബ്ദുള്ള. കെ.പി (പി.ടി.എസ്) | 9,745 | 21700027/7-4-17, 1135/7-4-17 | 7,947 | 21700408/5-10-17, 1742/5-10-17 |

കൂടാതെ, മുൻ സെക്രട്ടറി ശ്രീ ജയൻ, ശ്രീമതി ഡോളി മക്കാടത്ത്, ശ്രീ വിനോദ് റോബിൻസൺ എന്നിവർക്ക് കുടിശ്ശികയുടെ വിവിധ ഗഡുക്കൾ ചുവടെ കൊടുത്തിരിക്കും പ്രകാരം അനുവദിച്ചിട്ടുണ്ട്.

| ജീവനക്കാർ/തസ്തിക | ഗഡു | തുക | വൗച്ചർ നമ്പർ/തീയതി,ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| ജയൻ, സെക്രട്ടറി | I (പി.എഫ് ലേക്ക്) | 32,503 | 21700290/17-8-17, 1414/16-8-17 |
| ഡോളി മക്കാടത്ത് (സീനി.ക്ലാർക്ക്) | II (പണമായി) | 21,510 | 21700407/5-10-17, 1742/5-10-17 |
| വിനോദ് റോബിൻസൺ (ഓഫീസ് അറ്റൻഡന്റ്) | II(പണമായി) | 13,794 | |

മേൽ ജീവനക്കാരുടെ 1-7-14 മുതൽ 31-1-16 വരെയുള്ള കാലയളവിലെ അടിസ്ഥാന ശമ്പളത്തിലെ വർദ്ധനവിന് ആനുപാതികമായി പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല. ആയത് അടവാക്കേണ്ടതാണ്.

## 3-6 കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ് തനത് ഫണ്ടിൽ നിന്ന് അടവാക്കുന്നു

പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതചാർജ് ഇനത്തിൽ 2017-18 വർഷത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം തുകകൾ തനത് ഫണ്ടിൽ നിന്ന് അടവാക്കിയിട്ടുണ്ട്.

| കുടിവെള്ള പദ്ധതി | അടവാക്കിയ തുക | വൗച്ചർ നമ്പർ/തീയതി, ചെക്ക് നമ്പർ/തീയതി |
|---|---|---|
| കക്കോടിപ്പാറ | 65 | 21700088/11-5-17,1201/11-5-17 |
| | 330 | 21700803/22-3-18, 2520/22-3-18 |
| പുൽപ്പറമ്പ് | 338 | 21700161/15-6-17, 1219/13-6-17 |
| നാലിടവഴി | 289 | 21700804/22-3-18, 2520/22-3-18 |
| മണലിപ്പുഴ | 2023 | 21700288/10-8-17, 1411/10-8-17 |
| കോറാട് | 3276 | 21700039/21-4-17, 1138/21-4-17 |

KWAത.സ്വ.ഭ.വ.സ്ഥാപനങ്ങൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളും ത.സ്വ.ഭ.വ.സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കുന്ന കുടിവെള്ള പദ്ധതികളും അവയുടെ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏല്പിക്കേണ്ടതാണെന്നും അവയുടെ നടത്തിപ്പ്, മെയിന്റനൻസ് ചെലവുകൾ എന്നിവ ടി

സമിതികൾ വഹിക്കേണ്ടതാണെന്നും 3-5-09ലെ സ.ഉ(സാധാ)നം.1275/09/LSGD നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല. ആയതിനാൽ മേൽ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതും വൈദ്യുത ചാർജ് ഇനത്തിൽ അടവാക്കിയ തുകകൾ ടി കമ്മറ്റികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 3-7 നിക്ഷേപത്തുകകൾ -സമയപരിധി കഴിഞ്ഞവ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 31-3-18 വരെ വിവിധ ഇനങ്ങളിലായി ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ നിക്ഷേപമായി അവശേഷിക്കുന്നതായി കാണുന്നു. മേൽ രജിസ്റ്ററിൽ ഓരോ ഇനങ്ങളിലെയും വർഷം തിരിച്ചുള്ള തുകകൾ (തുടക്കം മുതൽ ഉള്ളത്) രേഖപ്പെടുത്തിയിട്ടില്ല.

| ഇനം | തുക |
|---|---|
| Contractor's EMD | 78,013 |
| Suppliers EMD | 1,43,211 |
| Supplier's Security Deposit | 15,900 |
| Contractor's retention | 27,757 |

KFC ആർട്ടിക്കിൾ 56 B പ്രകാരം 3 വർഷ സമയപരിധി കഴിഞ്ഞ നിക്ഷേപത്തുകകൾ അതാത് സ്ഥാപനങ്ങൾക്ക് മുതൽ കൂട്ടാവുന്നതാണ്. ആയതിനാൽ മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരമുള്ള വിവിധ ഇനങ്ങളിലെ തുകകളിൽ സമയപരിധി കഴിഞ്ഞ തുകകൾ കണ്ടെത്തി ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ കൊടുത്തിരിക്കുന്ന തുകകൾ വിവിധ സ്ഥാപനങ്ങളിൽ അടവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട്/പ്രൊജക്ട് നമ്പർ | തുക | ട്രഷറി ബിൽ,ചെക്ക് നമ്പർ/തീയതി | അടവാക്കിയത് |
|---|---|---|---|
| PMAY ഭവന നിർമ്മാണം, SO 6/18 (അടങ്കൽ – 60,000) | 60,000 | 26/23-3-18 | തിരൂർ ബ്ലോക്ക് പഞ്ചായത്ത് |
| വെട്ടുകുളം അംഗൻവാടിക്ക് സമീപമുള്ള വൈദ്യുത പോസ്റ്റുകൾ മാറ്റി ഉയർത്തി സ്ഥാപിക്കൽ (തനത് ഫണ്ട്) | 18,481 | 001951/1-11-17 | KSEB വൈലത്തൂർ |
| ആകെ = | 78,481 | | |

മേൽ തുകകൾ ചെലഴിച്ചതിന്റെ സാക്ഷ്യ പത്രവും ടി പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ സാക്ഷ്യ പത്രവും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക, 78,481 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - പ്ലാന്റ് നാളിതുവരെയും ഉപയോഗിച്ചു തുടങ്ങിയില്ല

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ " ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ" എന്ന പ്രൊജക്ട് (നം.SO180/18) പ്രകാരം 2017-18 വർഷത്തിൽ 94,500 രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട് (ട്രഷറി ബിൽനമ്പർ/തീയതി: 12/21-3-18, 87750രൂപ, 13/24-3-18, 6750രൂപ, അടങ്കൽ 4,86,000).1 cubic metre ശേഷിയുള്ള Portable (Pre – fabricated) ബയോഗ്യാസ് പ്ലാന്റ് 14 ഗുണഭോക്താക്കളുടെ വീടുകളിൽ Socio Economic Unit മുഖേന സ്ഥാപിച്ച് നൽകിയതായി ടി സ്ഥാപനം സാക്ഷ്യ പത്രം നൽകിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 19-12-18ന് സ്ഥല പരിശോധന നടത്തിയതിൽ, ശ്രീമതി തങ്കമണി, തെരുവത്ത് ഹൗസ്, എന്ന ഗുണഭോക്താവ് അവർക്ക് ലഭിച്ച ബയോഗ്യാസ് പ്ലാന്റ്, പരിശോധന നടത്തിയ തീയതി വരെയും ഉപയോഗിച്ച് തുടങ്ങിയിട്ടില്ലെന്ന് കാണുകയുണ്ടായി. പ്ലാന്റ് അവരുടെ വീട്ടിൽ തന്നെയുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചതിന് ശേഷം ഉപയോഗിച്ചു തുടങ്ങും എന്നാണ് പരിശോധനാ സമയത്ത് വീട്ടിൽ ഉണ്ടായിരുന്ന മേൽ ഗുണഭോക്താവിന്റെ മകൻ വ്യക്തമാക്കിയത്. അപ്രകാരമുള്ള നടപടികൾ മേൽ ഗുണഭോക്താവ് സ്വീകരിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും അത്തരം നടപടികൾ സ്വീകരിച്ച് മേൽ ഗുണഭോക്താവ് ടി പ്ലാന്റ് ഉപയോഗക്ഷമമാക്കുന്നില്ല എങ്കിൽ അവർക്കായി ചെലവഴിച്ച തുക, 6750 രൂപ ടിയാരിയിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

ഫലപ്രദമായ മോണിറ്ററിംഗിന്റെ അഭാവം ഇവിടെ വ്യക്തമാണ്. ആയതിനാൽ പ്രൊജക്ടുകളിലെ മോണിറ്ററിംഗ് ശക്തിപ്പെടുത്താൻ തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 കതിർ കുളങ്ങര - എരനല്ലൂർ റോഡ് കോൺക്രീറ്റിംഗ് - ഓവർഹെഡ് ചാർജ് കൂട്ടി നൽകിയതുമൂലം 29717.00 രൂപയുടെ അധികച്ചെലവ്.

പ്രൊജക്ട് നം : 110/18

| അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|
| 109000 – CFC<br>291000 – WB | 109000<br>291000 | 4/30-06-17<br>15/19-08-17 |
| 4,00,000 | 4,00,000 | |

കരാർ നം : 31/AE/ OZR/17-18 തീയ്യതി.22.2.17

എംബുക്ക് നം: 83/16-17

DSOR : 2014, COl. 1.3619

കൺവ്വീനർ : വിജയൻ.പി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ യൂണിറ്റ് നിരക്കുകളിൽ കൺവ്വീനർക്ക് വാറ്റും, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതവും അടക്കുന്നതിനുവേണ്ടി 7.5 % ഓവർഹെഡ് ചാർജും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ, നിർവ്വഹിക്കേണ്ട പ്രവൃത്തികളുടെ മൂല്യമായ 369665.97 രൂപക്ക് പുറമെ നികുതികൾക്കും മറ്റുമായി 30334.03 രൂപ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നു. ഓവർഹെഡ് ഉൾപ്പെടെ അധികം വകയിരുത്തിയ തുക കൂടി ചേർത്താണ് പ്രൊജക്ടിന് 4 ലക്ഷം രൂപ അടങ്കൽ കണക്കാക്കിയത്.

യൂണിറ്റ് നിരക്കുകളിൽ ഓവർഹെഡ് കോസ്റ്റ് കൂടി ഉൾപ്പെട്ടതിനാൽ മൊത്തം പ്രവൃത്തി മൂല്യത്തിൽ നിന്ന്

നികുതികൾ കഴിച്ചുള്ള തുകക്ക് മാത്രമാണ് കൺവ്വീനർക്ക് അർഹത. എന്നാൽ ഇതിന് വിരുദ്ധമായി പ്രവൃത്തിമൂല്യത്തോട് നികുതികൾ അടവാക്കുന്നതിന് വേണ്ട തുക വീണ്ടും ചേർത്താണ് ആകെ പ്രവൃത്തിമൂല്യം കണക്കാക്കിയിട്ടുള്ളത്. ഇതു കാരണം 29717.00 രൂപ കൺവ്വീനർക്ക് അധികം ലഭിക്കാൻ ഇടയായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| അനുവദിച്ച തുക (മെമൊ ഓഫ് പേമെന്റ് പ്രകാരം) | | അനുവദിക്കാവുന്നത് (പ്രവൃത്തിക്ക് വകയിരുത്തിയ 369665.97 ൽ പരിമിതപ്പെടുത്തി) | |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 383304.67 | ആകെ പ്രവൃത്തിമൂല്യം | 383304.67 |
| ലിമിറ്റ് ചെയ്തത് | 377358.49 | ലിമിറ്റ് ചെയ്തത് | 369666.00 |
| കൺവ്വീനർക്ക് | 369811.00 | കൺവ്വീനർക്ക് | 340094.00 |
| (+) വാറ്റ് 5% | 18868.00 | (-) വാറ്റ് 5% | 18483.00 |
| (+) KCWWF 1% | 3774.00 | (-) KCWWF 1% | 3697.00 |
| (+) I T 2% | 7547.00 | (-) I T 2% | 7392.00 |
| ആകെ | 400000.00 | ആകെ | 369666.00 |
| അധികം നൽകിയത് | 369811 – 340094 = 29717.00 | | |

മേൽ അപാകതക്ക് ഓഡിറ്റ് എൻക്വയറി നം.4/15.12.2018 മുഖേന വിശദീകരണം നൽകാൻ ആവശ്യപ്പെട്ടിരുന്നു. ഇതിന് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക കൺവ്വീനറിൽനിന്നും ഈടാക്കി അടവാക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

അധികം നൽകിയ തുക 29717.00 രൂപ തിരിച്ചടയ്ക്കാത്തതിനാൽ പ്രസ്തുത തുക ഫൈനൽ ബില്ല് അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-11 കരാറുകാർ ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ പ്രതിഫലം നൽകിയത്- 41111.00രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച താഴെ പറയുന്ന പ്രൊജക്ടുകളിൽ കരാറുകാർ ക്വാട്ട് ചെയ്ത തുകയിൽ ബിൽതുക പരിമിതപ്പെടുത്താത്തതിനാൽ പ്രൊജക്ടുകളിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം | അനുവദിച്ച തുക (രൂപ) | കരാറുകാരൻ ക്വാട്ട് ചെയ്ത തുക (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|
| 1 | പ്രൊജക്ട് : 144/18, ഞാറ്റുതൊട്ടിപ്പാറ-നാലും കൂടിയ വഴി റീ ടാറിംഗ് അടങ്കൽ : 660000.00, MG(R) ചെലവ് : 658971.00 ബിൽ | 658971.00 | 653503.32 | 5468.00 |

| | | | | |
|---|---|---|---|---|
| | നമ്പർ - 11/31.7.17<br><br>കരാർ നം : 38/AE/ OZR/16-17 തീയ്യതി 18.3.17<br><br>എംബുക്ക് നം: 115/16-17<br><br>കരാറുകാരൻ : യു.മരക്കാർ | | | |
| 2 | പ്രൊജക്റ്റ് : 133/18, പുൽപ്പറമ്പ് - മുടങ്ങൽ റോഡ് പുനരുദ്ധാരണം<br><br>അടങ്കൽ : 12ലക്ഷം, MG(R)<br><br>ചെലവ് : 998220.00 ബിൽ നമ്പർ - 12/31.7.17<br><br>കരാർ നം : 32/AE/ OZR/16-17 തീയ്യതി22.2.17<br><br>എംബുക്ക് നം: 109/16-17<br><br>കരാറുകാരൻ:പി.ഹംസഹാജി | 998220.00 | 984276.75 | 13943.00 |
| 3 | പ്രൊജക്റ്റ് : 112/18, വെട്ടുകുളം - സഹകരണ റോഡ് ടാറിംഗ്<br><br>അടങ്കൽ : 493531.00 ലോക ബാങ്ക്<br><br>6469.00 തനത് ഫണ്ട്<br><br>500000.00<br><br>ചെലവ് : 402622.00 ബിൽ നമ്പർ - 16/19.8.17<br><br>കരാർ നം : 37/AE/ OZR/16-17 തീയ്യതി8.3.17<br><br>എംബുക്ക് നം: 108/16-17<br><br>കരാറുകാരൻ:ശ്രീ.യു,മരക്കാർ | 402622.00 | 392286.485 | 10336.00 |
| 4 | പ്രൊജക്റ്റ് : 57/18, അയ്യപ്പനടി റോഡ് പുനരുദ്ധരണം<br><br>അടങ്കൽ : 6 ലക്ഷം, തനത് ഫണ്ട്<br><br>ചെലവ് : 514943.00 വൗച്ചർ നമ്പർ - 68/26.3.18<br><br>കരാർ നം : 32/AE/ OZR/17-18 തീയ്യതി.21.11.17<br><br>എംബുക്ക് നം: 102/17-18 | 514943.00 | 503578.50 | 11364.00 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ:ശ്രീ.ഷാജിർ.പി.വി | | | |
| ആകെ | | | | 41111.00 |

മേൽ അപാകതക്ക് വിശദീകരണം നൽകാൻ യഥാക്രമം ഓഡിറ്റ് എൻക്വയറി നം.13/18.12.2018, 12/18.12.2018, 11/18.12.2018, 3/15.12.2018 എന്നിവ മുഖേനെ ആവശ്യപ്പെട്ടിരുന്നു. ഇതിന് അപാകതകൾ പരിഹരിക്കുമെന്നാണ് മറുപടി തന്നിട്ടുള്ളത്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രകാരം കരാറുകാർക്ക് അധികം നൽകിയ ആകെ തുക 41111.00രൂപ പ്രൊജക്ടുകളുടെ ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-12 സേവന നികുതി ചലാൻ ഹാജരാക്കാത്ത കരാറുകാർക്ക് സേവന നികുതി തുകകൾ തിരിച്ച് കൊടുത്തു - 76181.00 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

താഴെ പറയുന്ന പ്രൊജക്ടുകളുടെ എസ്റ്റിമേറ്റുകളിൽ സേവന നികുതിക്ക് വകയിരുത്തിയ തുകകൾ കരാറുകാർ സേവന നികുതി അടവാക്കിയ ചലാൻ ഹാജരാക്കാതെ തന്നെ കരാറുകാർക്ക് തിരികെ നൽകിയിട്ടുണ്ട്.

1. ഒഴൂർ ജി.എൽ.പി.എസ് - സ്കൂളിന് മൂത്രപ്പുര നിർമ്മാണം

പ്രൊജക്ട് നം : 115/18

അടങ്കൽ : 7 ലക്ഷം, CFC

ചെലവ് : 628895 ബിൽ നം.25/12.1.18

എം.ബുക്ക് :126/16-17

കരാർ നം. : 43/AE/OZHUR/30.3.17
കരാറുകാരൻ – അഭിമന്യൂ. എൻ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ പ്രവൃത്തി മൂല്യം കണക്കാക്കിയതും, ബില്ല് അനുവദിച്ചതും താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 593297.62 |
| (+) സേവന നികുതി 6% | 35597.85 |
| ആകെ | 628895.47 |
| (-) വാറ്റ് 4% | 25156.00 |
| (-) ഐ.ടി 1% | 6289.00 |
| (-)ക്ഷേമ നിധി 1% | 6289.00 |
| ബാക്കി കരാറുകാരന് | 591161.00 |

മേൽപ്പറഞ്ഞ പ്രകാരം 35598.00 രൂപ സേവന നികുതി ഉൾപ്പെടെ 591161.00രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ സേവന നികുതി അടച്ചതിന്റെ ചലാൻ ഹാജരാക്കിയിട്ടില്ല. ഇതിന് ഓഡിറ്റ് എൻക്വയറി നം.15/18.12.2018 മുഖേനെ വിശദീകരണം ആവശ്യപ്പെട്ടതിൽ സേവന നികുതി അടവാക്കി ചലാൻ ഹാജരാക്കും എന്നാണ് അറിയിച്ചിട്ടുള്ളത്.

2. കോറോട് - ജി.എൽ.പി.എസ് - സ്കൂളിന് മൂത്രപ്പുര /അടുക്കള-

പ്രൊജക്ട് നം : 117/18

| അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|
| 309000.00, MG(NR) | 298835.00 | 31/27.1.18 |
| 191000.00, CFC | 191000.00 | 30/27.1.18 |
| 227124.00 Plan (Gen) | 227124.00 | 29/27.1.18 |
| 727124.00 | 716959.00 | |

എം.ബുക്ക് :127/16-17

കരാർ നം. : 42/AE/OZHUR/30.3.17
കരാറുകാരൻ – അഭിമന്യു. എൻ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ പ്രവൃത്തി മൂല്യം കണക്കാക്കിയതും, ബില്ല് അനുവദിച്ചതും താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 676376.31 |
| (+) സേവന നികുതി 6% | 40582.58 |
| ആകെ | 716958.89 |
| (-) വാറ്റ് 4% | 28678.00 |
| (-) ഐ.ടി 1% | 7170.00 |
| (-)ക്ഷേമ നിധി 1% | 7170.00 |
| ബാക്കി കരാറുകാരന് | 673941.00 |

മേൽപ്പറഞ്ഞ പ്രകാരം 40583.00 രൂപ സേവന നികുതി ഉൾപ്പെടെ 673941.00രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ സേവന നികുതി അടച്ചതിന്റെ ചലാൻ ഹാജരാക്കിയിട്ടില്ല. ഇതിന് ഓഡിറ്റ് എൻക്വയറി നം.14/18.12.2018 മുഖേനെ വിശദീകരണം ആവശ്യപ്പെട്ടതിൽ സേവന നികുതി അടവാക്കി ചലാൻ ഹാജരാക്കും എന്നാണ് അറിയിച്ചിട്ടുള്ളത്.

നികുതി അടവാക്കിയതിന്റെ ചലാനുകൾ ഹാജരാക്കാത്തതിനാൽ മേൽ ക്രമ നമ്പർ 1,2 എന്നിവ പ്രകാരം സേവന നികുതി ഇനത്തിൽ കരാറുകാർക്ക് യഥാക്രമം നൽകിയ 35598.00 രൂപയുടെയും 40583.00 രൂപയുടെയും ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുകകൾ മേൽ പ്രവൃത്തികളുടെ ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-13 ഓണക്കാട് - OLHS കോളനി റോഡ്പുനരുദ്ധാരണം - പ്ലാസ്റ്ററിംഗ് പ്രവൃത്തിക്ക് ഗുണനിലവാരം ഇല്ല.

പ്രൊജക്ട് നം : 114/18

അടങ്കൽ : 1300000.00, MG(NR)

ചെലവ് : 813784.00 ബിൽ നം.58/26.3.18

കരാർ നം : 33/AE/OZHUR16-17/തീയ്യതി.27.2.17

കരാറുകാരൻ – പി. ഹംസ ഹാജി

എംബുക്ക് നം: 110/16-17,148/17-18

DSOR : 2014, COl.1.3619

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് 1 ലെ ഇനം.6 ആയി, എം.ബുക്ക്.114/17-18 പേജ് നം.26 ൽ അളവ് രേഖപ്പെടുത്തിയത് പ്രകാരം, ഡ്രൈനേജിന്റെ ഉൾവശം, 1:3 അനുപാതത്തിലും 9mm കനത്തിലും (കോഡ് നമ്പർ 50.13.1) 306.26 m2 അളവിൽ പ്ലാസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന് 306.26x164.40/m2=50349.14 രൂപ കരാറുകാരന് പ്രതിഫലവും നൽകിയിട്ടുണ്ട്. 19.12.18 ന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.മഞ്ജു.ജി യുടെ സാന്നിധ്യത്തിൽ പ്രസ്തുത പ്രവൃത്തി, കവറിംഗ് സ്ലാബ് ഇടാത്ത ഭാഗങ്ങളിൽ, ഭൗതികമായി പരിശോധിച്ചപ്പോൾ, കൈകൊണ്ട് തൊട്ടാൽ പോലും പ്ലാസ്റ്ററിംഗ് എളുപ്പം ഇളകിപ്പോകുന്നതായി കണ്ടു. സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ച അളവിൽ സിമന്റ് ചേർക്കാതെ പ്രവൃത്തി നിർവ്വഹിച്ചതിനാലാണ് പ്ലാസ്റ്ററിംഗിന് മതിയായ ക്ഷമത ഇല്ലാതെ പോയത് എന്ന് വ്യക്തമാണ്. 1:3:6 അനുപാതത്തിൽ ഉള്ള ഡ്രൈനേജിന്റെ സൈഡ് വാളിന് സംരക്ഷണം നൽകാനാണ് പ്ലാസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തു ലക്ഷ്യം നേടാൻ ഈ പ്രവൃത്തികൊണ്ട് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ പ്ലാസ്റ്ററിംഗ് ചെയ്തത് പൂർണ്ണമായും വിദഗ്ദ പരിശോധനക്ക് വിധേയമാക്കി, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപാകതയുടെ വെളിച്ചത്തിൽ പ്ലാസ്റ്ററിംഗിന് പ്രതിഫലമായി കരാറുകാരന് നൽകിയ 50349.00 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-14 <u>സിംഗിൾ സെക്ഷൻ വർക്കുകൾക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചു - 10651.00 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ കെട്ടിടങ്ങളുടെ മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ സ്റ്റീൽ വർക്കുകൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള DSR 10.16.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 19.12.18 ന് നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തി സിംഗിൾ സെക്ഷനാണെന്ന് ബോധ്യപ്പെട്ടു. ആയതിനാൽ ഈ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് ചീഫ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സെർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ്. വിശദാംശങ്ങൾ താഴെ പറയുന്നു.

| പ്രൊജക്ടിന്റ വിവരം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 1) പ്രൊജക്ട് നം - 132/18, പുന്നകപ്പാറ അങ്കൺ വാടി ചുറ്റുമതിൽ<br>അടങ്കൽ - 2 ലക്ഷം, MG(NR)<br>ചെലവ് - 162565.00 ബിൽ നമ്പർ - 47/09.3.18<br>കരാർ നം-20/AE /OZR/17-18 | <u>ഇനം.10</u><br>104.38 kg x 140.14/kg = 14627.81 | 104.38 kg x 123.18/kg = 12857.53 | 1770.00 |

| | | | |
|---|---|---|---|
| തീയ്യതി.21.01.17<br><br>എംബുക്ക്നം: 139/17-18<br><br>DSR 2014 COI,1.3619% | | | |
| 2) പ്രൊജക്റ്റ് നം - 70/18, ആയുർവ്വേദ ആശുപത്രിക്ക് വിശ്രമ കേന്ദ്രം.<br><br>അടങ്കൽ - 1.5ലക്ഷം, MG(NR)<br><br>ചെലവ് - 145840.00 ബിൽ നമ്പർ - 35/27.1.18<br><br>കരാർ നം-02/AE /OZR/17-18 തീയ്യതി.01.11.17<br><br>എംബുക്ക് നം: 102/16-17<br><br>DSR 2016 COI.40.2% | ഇനം.6<br><br>399.45 kg x 126.53/kg = 50542.40 | 399.45 kg x 114.33/kg = 45669.12 | 4873/- |
| 3) പ്രൊജക്റ്റ് നം : 116/18<br><br>മൃഗാശുപത്രി പുനരുദ്ധരണം<br><br>അടങ്കൽ - 2ലക്ഷം, MG(NR)<br><br>2 ലക്ഷം. CFC<br><br>4 ലക്ഷം<br><br>ചെലവ് - 200000.00 ബിൽ നമ്പർ - 56/26.3.18 MG(NR)<br><br>140529.00 ബിൽ നമ്പർ - 57/26.3.18 CFC<br><br>കരാർ നം-30/AE /OZR/16-17 തീയ്യതി.21.2.17<br><br>എംബുക്ക് നം: 157/17-18 | ഇനം.8<br><br>236.34 kg x 140.14/kg = 33120.69<br><br>(ആകെ നിർവ്വഹിച്ചത്.512.08 kg. ഇതിൽ സിംഗിൾ സെക്ഷൻ 236.34kg) | 236.34 kg x 123.18/kg = 29112.36 | 4008/- |

| | | | |
|---|---|---|---|
| DSR 2014 COl.36.19% | | | |
| ആകെ | | | 10651/- |

മേൽപ്പറഞ്ഞ പ്രകാരം അധികം നൽകിയ 10651.00 രൂപ, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

മേൽ അപാകതക്ക് ഓഡിറ്റ് എൻക്വയറി നം.21/20.12.2018 മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | 52/18 നെല്കൃഷി വികസനം | 2,00,000 | -- |
| | 2,00,000 | 21/18 പരിരക്ഷ | -- | 2,00,000 |
| | 1,00,000 | 17/18 അങ്കണവാടി പോഷകാഹാരം | -- | 1,00,000 |
| | 50,000 | 152/18 പാൽനിറവ് | 25,479 | 24,521 |
| | 2,01,000 | 162/18 അതിജീവനം | 77,500 | 1,23,500 |
| | 4,00,000 | 191/18 വയോജനങ്ങൾക്ക് യോഗപരിശീലനം | -- | 4,00,000 |
| | 3,50,000 | 15/18 ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 78,000 | 2,72,000 |
| ജില്ലാ പഞ്ചായത്ത് | 3,00,000 | 15/18 ശാരിരികമാനസിക വെല്ലുവിളിനേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 78,000 | 2,22,000 |

## 4-2 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിശദ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വെട്ടുകുളം അംഗൻവാടിക്ക് സമിപമുള്ള ഇലക്ട്രിക് പോസ്റ്റുകൾ | 21700456/1-11-17 | 18,481രൂപ | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | മാറ്റി സ്ഥാപിക്കൽ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ വായ്പ/തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരം നിക്ഷേപം | 6,23,671 |
| തൻവർഷം നിക്ഷേപിച്ച തുക | 20,24,742 |
| ആകെ | 26,48,413 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 26,48,413 |

വർഷവാസാനം അവശേഷിക്കുന്ന സ്ഥിനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപങ്ങളുടെ വിവരം | തുക | രശീതി നം. |
|---|---|---|
| ഒഴൂർ സർവ്വീസ് സഹകരണ ബാങ്ക് | 6,00,000 + 48,413 | FDI/07647 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് | 10,00,000 | FDI/08178 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് | 10,00,000 | FDI/08496 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | റോഡ് പ്രവൃത്തി | നടപടി തുടരുന്നു |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | 1998-99 | 39 | പി.മുഹമ്മദ്കുട്ടി | LF18459/sp.cell /sc5/03 29.05.04 | 3,822 | 3,822 | ലഭ്യമല്ല |
| 2 | 1998-99 | 40 | പി.മുഹമ്മദ്കുട്ടി | -do- | 1,193 | 1,193 | ടി |
| 3 | 1999-00 | 33-1 | എം.പി രാധാകൃഷ്ണൻ, | LF23905/sp.cell/sc D1/11 dt. 19.10.12 | 5,958 | 5,958 | ടി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | എ.ഇ.ഇ | | | | |
| 4 | 1999-00 | 33-1 | കെ.ബാലൻ, എ.ഇ | -do- | 5,958 | 5,958 | ടി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,81,11,465 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,28,19,417 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 92,521 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 3,19,532 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 11,042 | ശ്രീ. ജേക്കബ് ജോർജ്ജ്, കൃഷി ഓഫീസർ |
| 3-10 | 29,717 | ശ്രീ. മഹേഷ് ഒ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 41,111 | ശ്രീ. മഹേഷ് ഒ, അസിസ്റ്റന്റ് എഞ്ചിനീയർ : 29,747 |
| | | ശ്രീമതി മഞ്ജു ജി, അസിസ്റ്റന്റ് എഞ്ചിനീയർ: 11,364 |
| 3-14 | 10,651 | ശ്രീ.സജീവ്. എൻ.കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 92,521 | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,51,043 | ഡോ. ജാനിഫ് കെ.എം, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-4 | 39,659 | ഡോ. ജാനിഫ് കെ.എം, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-8 | 78,481 | ശ്രീ. മോഹനൻ പൂഴിക്കൽ, സെക്രട്ടറി |
| 3-13 | 50,349 | ശ്രീമതി മഞ്ജു. ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3,19,532 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായവരുടെ പേരുവിവരം |
|---|---|---|
| 3-12 | 76,181 | ശ്രീമതി മഞ്ജു.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടോത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥസ്ഥരുടെ സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| 3-2 | 11,042 | ശ്രീ. ജേക്കബ് ജോർജ്ജ്, സാരംഗ്, ദേവതിയാൽ, തേഞ്ഞിപ്പലം പി.ഒ, മലപ്പുറം-673636 |
| 3-10 | 29,717 | ശ്രീ.മഹേഷ്. ഒ, ഊട്ടിൽ ഹൗസ്, പി.ഒ തൃക്കണ്ടിയൂർ, തിരൂർ, മലപ്പുറം ജില്ല |
| 3-11 | 29,747 | ശ്രീ.മഹേഷ് .ഒ, ഊട്ടിൽ ഹൗസ്, തൃക്കണ്ടിയൂർ പി.ഒ, തിരൂർ മലപ്പുറം ജില്ല |
| | 11,364 | ശ്രീമതി മഞ്ജു. ജി, പൊറ്റവിള ഹൗസ്, പാലപ്പൂർ, വെള്ളായണി പി.ഒ, തിരുവനന്തപുരം-695522 |
| 3-12 | 76,181 | ശ്രീമതി മഞ്ജു. ജി, അസിസ്റ്റന്റ് എഞ്ചിനീയർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-1998 | എൽ.എഫ്.എം-11/714/01/ തീ 07-10-2010 | 20 | |
| 1998-1999 | എൽ.എഫ്.എം-15/575/01/ തീ 07-10-2010 | 20 | |
| 1999-2000 | എൽ.എഫ്.എം-15/1487/02/ തീ 07-10-2010 | 11 | |
| 2000-2001 | എൽ.എഫ്.എം-15/1714/02/ തീ 07-10-2010 | 7 | |
| 2001-2002 | എൽ.എഫ്.എം-15/739/04/ തീ 07-10-2010 | 10 | |
| 2002-2003 | എൽ.എഫ്.എം-15/7434/01/ തീ 07-10-2010 | 19 | |
| 2003-2004 | എൽ.എഫ്.എം-11/1731/09/ തീ 07-10-2010 | 7 | |
| 2004-2005 | എൽ.എഫ്.എം-11/2021/08/ തീ 07-10-2010 | 8 | |
| 2005-2006 | എൽ.എഫ്.എം-14/1685/11/ തീ 19-03-2012 | 9 | |
| 2006-2007 | എൽ.എഫ്.എം-14/1686/11/ തീ 13-02-2012 | 12 | |
| 2007-2008 | എൽ.എഫ്.എം-14/55/12/ തീ 21-02-2012 | 17 | |
| 2008-2009 | എൽ.എഫ്.എം-14/56/12/ തീ 21-02-2012 | 19 | |
| 2009-2010 & 2010-2011 | എൽ.എഫ്.എം-14/1099/20/ തീ 20-07-2013 | 11 | |
| 2011-2012 & 2012-2013 | എൽ.എഫ്.എം-24/629/15/ തീ 21-04-2015 | 48 | |
| 2013-14 & 2014-15 | കെ.എസ്.എ-എംപിഎം.24/2062/2016 | 10 | |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ-എംപിഎം.24/23/2017 തീ.21-01-2017 | 20 | |
| 2016-17 | കെ.എസ്.എ എം.പി.എം 10/2264/2017 തിയതി 25.11.2017 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ.എം.പി.എം.10/1224/2018

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം
തീയതി 01-08-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ